ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ യുവതയുടെ കർമശേഷി ലോകത്തെയൊന്നാകെ ആകർഷിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. നൈപുണ്യശേഷിയാർജ്ജിച്ച യുവജനത രാജ്യത്തിൻറെ ശക്തിയാണെന്നും പ്രധാനമന്ത്രി.

   **PM Narendra Modi says, whole world is spellbound by Indian youth's capability**

2. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ പരസ്യപ്രചാരണത്തിന് സമാപനമായി. കൊട്ടിക്കലാശം ആവേശഭരിതമാക്കി സ്ഥാനാർത്ഥികളും പ്രവർത്തകരും. വോട്ടെടുപ്പ് മറ്റന്നാൾ.

   **Byelection campaigns for Wayanad and Chelakkara constituencies in Kerala ended this evening. Polling will be held on 13th of this month.**

3. ഝാർഖണ്ഡിലും ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണത്തിന് ഇന്ന് സമാപനമായി.

   **In Jharkhand, campaigning for the first phase of Assembly polls ended at 5 pm this evening.**

4. ഇന്ത്യ-റഷ്യ വ്യാപാരബന്ധം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ.

   **Minister of External Affairs Dr. S. Jaishankar has highlighted the need to strengthen trade ties between India and Russia. He delivered the keynote address at the India-Russia Business Forum in Mumbai.**

5. ആരോഗ്യകരമായ ജീവിതം ജനങ്ങളുടെ മൗലികാവകാശമാണെന്ന് ഡൽഹി വായുമലിനീകരണത്തിൻറെ പശ്ചാത്തലത്തിൽ സുപ്രീംകോടതി.

   **The Supreme Court today said that right to health is a fundamental right of citizens and no religion encourages pollution.**

6. സംസ്ഥാന സ്കൂൾ കായിക മേളയിൽ ഓവറോൾ കിരീടം സ്വന്തമാക്കി തിരുവനന്തപുരം. അത്ലറ്റിക്സിൽ മലപ്പുറം ജില്ല ചാമ്പ്യൻമാർ.

**Thiruvananthapuram district emerges as overall champions in Kerala School Sports Meet. Malappuram wins Championship in athletics.**

&&&&&&&&&&&&&&&

## PM YOUTH (INTRO)

ഇന്ത്യൻ യുവതയുടെ കർമശേഷി ലോകത്തെയാകെ ആകർഷിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുടെ യുവ മാനവവിഭവ ശേഷിയുടെ നൈപുണ്യം പ്രയോജനപ്പെടുത്താൻ ലോകനേതാക്കൾ ആഗ്രഹിക്കുന്നതായും പ്രധാനമന്ത്രി. ഗുജറാത്തിലെ വഡ്താലിൽ സ്വാമി നാരായൺ മന്ദിർ 200-ആം വാർഷികാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഇന്ത്യയ്ക്കായി യുവതയെ ശാക്തീകരിക്കണമെന്നും, നൈപുണ്യശേഷിയാർജ്ജിച്ച യുവജനത രാജ്യത്തിൻറെ വലിയ ശക്തിയായി മാറുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

&&&&&&&&&&&&&&&

## ELECTION KERALA

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം അവസാനിച്ചു. സ്ഥാനാർത്ഥികളും, പ്രവർത്തകരും പങ്കെടുത്ത ആവേശകരമായ കൊട്ടിക്കലാശത്തിനൊടുവിലാണ് പ്രചാരണത്തിന് സമാപനമായത്. വയനാട്ടിലെ യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി, രാഹുൽ ഗാന്ധിയ്ക്കൊപ്പം തിരുവമ്പാടിയിൽ റോഡ്ഷോയിൽ പങ്കെടുത്തു. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി കൽപ്പറ്റയിലും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസ് ബത്തേരിയിലുമാണ് കലാശക്കൊട്ടിൽ പങ്കെടുത്തത്. ചേലക്കരയിലും സ്ഥാനാർത്ഥികളും, പ്രവർത്തകരും

ചേർന്ന് കൊട്ടിക്കലാശം ആവേശഭരിതമാക്കി. ഇരു മണ്ഡലങ്ങളിലും നാളെ നിശബ്ദ പ്രചാരണമായിരിക്കും. മറ്റന്നാളാണ് വോട്ടെടുപ്പ്. പോളിങ് സാമഗ്രികളുടെ വിതരണം നാളെ നടക്കും. ഈ മാസം 20 ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിലും പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.

&&&&&&&&&&&&&&&

**REV. JHARKHAND–OVERALL**

ഝാർഖണ്ഡിൽ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണത്തിന് ഇന്ന് സമാപനമായി. മറ്റന്നാൾ സംസ്ഥാനത്തെ 43 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രമുഖ നേതാക്കളും, താരപ്രചാരകരും സമാപന ദിവസം പ്രചാരണ പരിപാടികളിൽ സജീവമായിരുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി, ജെഎംഎം നേതാവും, സംസ്ഥാന മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ തുടങ്ങിയ പ്രമുഖർ ഇന്ന് പ്രചാരണത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&

**MH ELECTION**

ഈ മാസം 20 ന് ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും പ്രചാരണം ഊർജ്ജിതമായി തുടരുന്നു. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നിതിൻ ഗഡ്കരി ഇന്ന് നാഗ്പൂരിൽ പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്തു. മുഖ്യമന്ത്രിയും ശിവസേനാ നേതാവുമായ ഏക്നാഥ് ഷിൻഡേ ജൽനയിൽ പ്രചാരണം നടത്തി. എൻസിപി(എസ്.പി) നേതാവ് ശരദ് പവാർ ധുലെയിലും, ജൽഗാവിലുമാണ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നത്. അതേസമയം വിമത സ്ഥാനാർത്ഥികളായി മത്സരിക്കുന്ന 28 പേരെ മഹാരാഷ്ട്ര കോൺഗ്രസിൽ നിന്നും പുറത്താക്കിയതായി പാർട്ടി നേതൃത്വം അറിയിച്ചു.

&&&&&&&&&&&&&&&

**PM-CJI KHANNA**

സുപ്രീംകോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. ഉപരാഷ്ട്രപതി , പ്രധാനമന്ത്രി , കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ ജസ്റ്റിസ് സഞ്ജീവ് ഖന്നയ്ക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&

**JAISHANKAR-INDIA-RUSSIA (INTRO)**

ഇന്ത്യയും റഷ്യയും തമ്മിലുള്ള വ്യാപാരബന്ധം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ. മുംബൈയിൽ ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിലവിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം 66 ബില്യൺ ഡോളറാണെന്നും 2030 ഓടെ ഇത് 100 ബില്യൺ ഡോളർ കടക്കുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

(ഹോൾഡ്)

റഷ്യയെ പ്രതിനിധീകരിച്ച് ഉപപ്രധാനമന്ത്രി ഡെനിസ് മാന്റുറോവ് പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&

**DELHI POLLUTION**

ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം അവസ്ഥയിൽ തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ

ബോർഡിന്റെ കണക്കനുസരിച്ച്, ഇന്ന് ഉച്ചയ്ക്ക് ഗുണനിലവാര സൂചികയിൽ 353 രേഖപ്പെടുത്തി. അതേസമയം ദീപാവലി ആഘോഷങ്ങളിൽ പടക്ക നിരോധനം കാര്യക്ഷമമായി നടപ്പാക്കത്തതിൽ ഡൽഹി സർക്കാരിനെയും, പോലീസിനെയും സുപ്രീംകോടതി ഇന്നും വിമർശിച്ചു. മലിനീകരണം ഉണ്ടാക്കുന്ന പ്രവൃത്തികളെ ഒരു മതവും അംഗീകരിക്കുന്നില്ലെന്ന് കോടതി പറഞ്ഞു. ആരോഗ്യകരമായ ജീവിതത്തിനുള്ള അവകാശം പൗരന്മാരുടെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നതായും സുപ്രീം കോടതി വ്യക്തമാക്കി.

&&&&&&&&&&&&&&&

## DAY. COP 29 – BAKU

ഐക്യരാഷ്ട്രസഭാ കാലാവസ്ഥാ വ്യതിയാന സമ്മേളനം - COP 29 ന് അസർബൈജാനിലെ ബാക്കുവിൽ തുടക്കമായി. **"ഫിനാൻസ് COP"** എന്നറിയപ്പെടുന്ന രണ്ടാഴ്ച നീണ്ടുനിൽക്കുന്ന സമ്മേളനം, കാലാവസ്ഥാ ആഘാതങ്ങൾക്ക് ഏറ്റവും സാധ്യതയുള്ള രാജ്യങ്ങൾക്കായി പുതിയ കാലാവസ്ഥാ സാമ്പത്തിക ഫണ്ട് രൂപീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനം മൂലം ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കാനും ധനസഹായം, സാങ്കേതികവിദ്യ, ഊർജ്ജസ്രോതസ്സുകൾ എന്നിവ ഇന്ത്യയുൾപ്പെടെയുള്ള ദക്ഷിണമേഖലാ രാജ്യങ്ങൾക്ക് നിർണ്ണായകമാണ്. പാരീസ് ഉടമ്പടിക്ക് കീഴിലുള്ള പ്രതിബദ്ധതകൾ നിറവേറ്റാൻ 2030 ഓടെ ഇന്ത്യയ്ക്ക് ഏകദേശം 2.5 ട്രില്യൺ ഡോളർ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്.

&&&&&&&&&&&&&&&

## BJP-ECI MEET

മഹാരാഷ്ട്ര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അസത്യം പ്രചരിപ്പിക്കാൻ ശ്രമിച്ചതായി ആരോപിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെ തിരഞ്ഞെടുപ്പ് കമ്മീഷന്

പരാതി നൽകി ബിജെപി. ബി.ജെ.പി ഭരണഘടന നശിപ്പിച്ചെന്ന് മുംബൈയിൽ നടന്ന പ്രചാരണത്തിനിടെ തെറ്റായി ആരോപിച്ച് സംഘർഷം സൃഷ്ടിക്കാൻ രാഹുൽ ഗാന്ധി ശ്രമിച്ചതായാണ് പരാതി.

&&&&&&&&&&&&&&&

## SCHOOL KALOTSAV

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് കൊച്ചിയിൽ സമാപനമായി. 227 സ്വർണവും 180 വെള്ളിയും 164 വെങ്കലവും ഉൾപ്പെടെ 1935 പോയിന്റുമായി തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കി. തൃശ്ശൂർ രണ്ടാം സ്ഥാനത്തും, മലപ്പുറം മൂന്നാം സ്ഥാനത്തുമാണ്. അക്വാറ്റിക്സിലും, ഗെയിംസിലും തിരുവനന്തപുരം ആധിപത്യം പുലർത്തിയപ്പോൾ അത്‌ലറ്റിക്സിൽ മലപ്പുറം ഒന്നാമതെത്തി. കായികമേളയുടെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന് കായികരംഗത്ത് ഉണ്ടായിരുന്ന പ്രൗഢി തിരിച്ചു പിടിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## STUDENTS PROTEST – SCHOOL SPORTS

സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന ചടങ്ങിൽ വിദ്യാർത്ഥികളുടെ പ്രതിഷേധം. മികച്ച സ്കൂളിനുള്ള പോയിൻറ് പട്ടികയിൽ തിരുവനന്തപുരം ജി.വി.രാജ സ്കൂളിനെ രണ്ടാം സ്ഥാനത്തേക്ക് പരിഗണിച്ചത് സംബന്ധിച്ച് തിരുനാവായ നവാമുകുന്ദ സ്കൂളും, കോതമംഗലം മാർ ബേസിൽ സ്കൂളും പ്രതിഷേധിക്കുകയായിരുന്നു. മന്ത്രി വി.ശിവൻകുട്ടി ഇരുന്ന വേദിയിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചതിനെ തുടർന്ന് പോലീസും വിദ്യാർത്ഥികളും തമ്മിൽ സംഘർഷമുണ്ടായി. തെറ്റുണ്ടെങ്കിൽ തിരുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

**WOMENS HOCKEY**

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ മലേഷ്യയെ പരാജയപ്പെടുത്തി. എതിരില്ലാത്ത നാല് ഗോളുകൾക്കാണ് ഇന്ത്യയുടെ ജയം. ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഇന്ന് ഉച്ചതിരിഞ്ഞ് നടന്ന ഉദ്ഘാടന മത്സരത്തിൽ ജപ്പാനും ദക്ഷിണ കൊറിയയും 2-2 ന് സമനിലയിൽ പിരിഞ്ഞു. രണ്ടാം മത്സരത്തിൽ ചൈന 15-0 ത്തിന് തായ്ലൻഡിനെ തകർത്തു.

&&&&&&&&&&&&&&&

**TRUMP - PUTIN - CALL**

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും നിയുക്ത യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ടെലിഫോണിൽ സംഭാഷണം നടത്തിയെന്ന റിപ്പോർട്ടുകൾ തള്ളി റഷ്യ. ഇത് സംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകൾ അവാസ്തവമാണെന്ന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ്

മോസ്കോയിൽ മാധ്യമങ്ങളോട് പറഞ്ഞു. യുക്രെൻ സംഘർഷത്തിന് പരിഹാരം കാണണമെന്ന് ട്രംപ് പുടിനോട് ടെലിഫോൺ സംഭാഷണത്തിനിടെ അഭ്യർത്ഥിച്ചതായാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.

&&&&&&&&&&&&&&&

**JAPAN - CABINET**

ജപ്പാൻ പ്രധാനമന്ത്രിയായി ലിബറൽ ഡെമോക്രാറ്റിക് പാർട്ടി നേതാവ് ഷിഗെരു ഇഷിബ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ജാപ്പനീസ് പാർലമെന്റായ ഡയറ്റിന്റെ പ്രത്യേക സമ്മേളനത്തിൽ ഏറ്റവും

കൂടുതൽ വോട്ടുകൾ നേടിയാണ് അദ്ദേഹം പ്രധാനമന്ത്രി സ്ഥാനം നിലനിർത്തിയത്.

&&&&&&&&&&&&&&&&&&&&

&&&&&&&